Publication: Siraj
Date: 17-03-10
Page No. 2
Headline: Corrugated Box Manufacturing Unit on the Verge of Closure

# കടലാസ്പെട്ടി നിർമാണ യൂനിറ്റുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ

**കൊച്ചി:** ക്രാഫ്റ്റ് പേപ്പറിന്റെ അമിത വിലക്കയറ്റം കാരണം കൊറുഗേറ്റഡ് ബോക്സ് യൂണിറ്റുകൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് നീങ്ങുകയാണ്. വിലക്കയറ്റം ഉൽപാദനച്ചെലവിലുണ്ടാക്കിയ വർധന 25 ശതമാനത്തിലേറെയാണ്. കൂടാതെ പേപ്പർ മില്ലുകൾ മറ്റൊരു വില വർധനവിന് കോപ്പു കൂട്ടുകയുമാണിപ്പോൾ. സ്ഥിതി കൂടുതൽ ഗുരുതരമാക്കിക്കൊണ്ട് സ്റ്റാർച്, സ്റ്റിച്ചിങ് വയർ എന്നിവയുടെ വിലയിലും തൊഴിലാളികളുടെ വേതനത്തിലും കഴിഞ്ഞ ഒരു വർഷത്തിനകം വൻ വർധനവാണുണ്ടായിരിക്കുന്നതെന്ന് ഇന്ത്യൻ കൊറുഗേറ്റഡ് കെയ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ഐസിസിഎംഎ) പ്രസിഡന്റ് കീർത്തി മോഡി പറഞ്ഞു. സ്റ്റാർച്ചിന്റെ വില ഇരട്ടിയായി, സ്റ്റിച്ചിങ് വയറിന്റെ വിലയിലുണ്ടായ വർധന 40 ശതമാനമാണ്.

അത്യാവശ്യ സാധനങ്ങളായ പാൽ, പഴങ്ങൾ, പച്ചക്കറി, തുണി, ഔഷധങ്ങൾ എന്നിവയെല്ലാം ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിന് കൊറുഗേറ്റഡ് ബോക്സ് അനിവാര്യമാണ്. പാഴ്കടലാസുകൾ റീസൈക്കിൾ ചെയ്ത് കിട്ടുന്ന ഫൈബറിൽ നിന്നാണ് ക്രാഫ്റ്റ് പേപ്പർ നിർമിക്കുന്നത്. മരത്തിന്റെ ഉപയോഗം ഒഴിവാക്കപ്പെടുന്നു എന്നതിനാൽ പരിസ്ഥിതി സംരക്ഷണ രംഗത്ത് മികച്ച സംഭാവനയാണ് കൊറുഗേറ്റഡ് ബോ ക്സ് നിർമാതാക്കൾ നൽകി വരുന്നത്. മുഖ്യമായും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന പാക്കേജിങ് യൂണിറ്റുകൾ നേരിടുന്ന പ്രതിബന്ധി വളരെ വലുതാണ്. പേപ്പർ മില്ലുകൾ മുന്നറിയിപ്പില്ലാതെ വൻതോതിൽ വില വർധിപ്പിക്കുകയും അത് ഉടനടി നടപ്പാക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ പ്രശ്നം. അതിനനുസരിച്ച് പാക്കേജിങ് യൂണിറ്റുകളുടെ ഇടപാടുകാർ ഉൽപന്നങ്ങൾക്ക് വില വർധിപ്പിച്ചു തരുന്നുമില്ല. അവർ തീരുമാനമെടുക്കാൻ രണ്ട് മുതൽ നാലുവരെ ആഴ്ചസാവകാശം ചോദിക്കുകയാണ്. രാജ്യത്തെ പാക്കേജിങ് യൂനിറ്റുകൾ നല്ല തുക മുടക്കി അത്യാധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കിയിട്ടുള്ള സാഹചര്യത്തിലാണ് പുതിയ സംഭവവികാസങ്ങൾ. ഉൽപന്നങ്ങൾക്ക് ഉടനടി 25 ശതമാനം വില വർധനവെങ്കിലും അനുവദിക്കാൻ ഉപയോക്താക്കളായ സ്ഥാപനങ്ങൾ തയ്യാറായില്ലെങ്കിൽ യൂനിറ്റുകൾ പൂട്ടേണ്ട സ്ഥിതിയാണെന്ന് ഹർഷ്മദൻ പറഞ്ഞു.